"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇൻഡോർ സ്റ്റേഡിയത്തിന് KPBR 2019 Rule 3(4) പ്രകാരം ചട്ടങ്ങളിൽ ഇളവു നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പ്

സ.ഉ.(സാധാ) നം.844/2024/LSGD തീയതി,തിരുവനന്തപുരം, 09-05-2024

---

പരാമർശം:- 1. ചീഫ് ടൗൺ പ്ലാനറുടെ 31.01.2023 തിയതിയിലെ TCPCTP/2398/2022-D3 നമ്പർ കത്ത്.

ഉത്തരവ്

ഒറ്റൂർ ഗ്രാമപഞ്ചായത്തിൽ ഒറ്റൂർ വില്ലേജിൽ സർവ്വേ നമ്പർ 480/3-ൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1945 sq.m സ്ഥലത്ത് ബഹു ആറ്റിങ്ങൽ MLA യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച 858 ച.മീ വിസ്തൃതിയുള്ള അസംബ്ലി ഒക്യുപൻസിയിൽ ഉൾപ്പെട്ട ഇൻഡോർ സ്റ്റേഡിയത്തിന് KPBR 2019 Rule 3(4) പ്രകാരം സർക്കാരിൽനിന്നും ചട്ടങ്ങളിൽ ഇളവ് ലഭ്യമാക്കുന്നതിനായി പരാമർശം(1) കത്ത് പ്രകാരം ചീഫ് ടൗൺ പ്ലാനർ അപേക്ഷ സമർപ്പിക്കുകയുണ്ടായി

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊതു ആവശ്യത്തിനുവേണ്ടിയുള്ള ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ നിർമ്മാണമാണെന്നത് കണക്കിലെടുത്ത് 858 ച.മീ വിസ്തൃതിയുള്ള അസംബ്ലി ഒക്യുപൻസിയിൽ ഉൾപ്പെട്ട ഇൻഡോർ സ്റ്റേഡിയത്തിന് ചീഫ് ടൗൺ പ്ലാനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ പി ബി ആർ ചട്ടം 42 പ്രകാരമുള്ള Differently-abled, Elderly and children എന്നിവർക്കായുള്ള സൗകര്യങ്ങൾ, ചട്ടം 34 പ്രകാരം Sanitation facilities എന്നിവ പാലിക്കേണ്ടതാണെന്ന നിബന്ധനയോടെ KPBR 2019 ചട്ടം 26 side setback, 27 coverage, 29 car parking എന്നീ ചട്ടങ്ങൾക്ക് KPBR 2019 Rule 3(4) പ്രകാരം ചട്ടങ്ങളിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം ജില്ല.
സെക്രട്ടറി, ഒറ്റൂർ ഗ്രാമ പഞ്ചായത്ത്, വർക്കല, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്&ന്യൂ മീഡിയ) (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shini Pereira V
Date: 09-05-2024 17:56:43

സെക്ഷൻ ഓഫീസർ